ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ പീരിയോഡിക് ഓവർ ഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധന നടത്തുകയും ചെയ്യുവരുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽത്തന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്യുവരുന്നുണ്ടെന്നും കോച്ചുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിഞ്ഞ കോച്ചുകൾ അപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും ഇപ്പോൾ റെയിൽവേ അറിയിച്ചിട്ടുണ്ട്.

കേരളത്തിലൂടെ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ബോഗികളുടെ ഗുണനിലവാരം

85 (430) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലൂടെ സർവ്വീസ് നടത്തുന്ന ട്രെയിനുകളിലെ ബോഗികളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) കേരളത്തിന് പുതിയ ബോഗികൾ അനുവദിക്കുന്നതിനും 15 വർഷം കഴിഞ്ഞ ബോഗികൾ മാറ്റുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ബോഗികൾ കൃത്യമായി ശുചീകരിക്കുന്നതിനും എലി, പാറ്റ എന്നിവയുടെ ശല്യം നീക്കുന്നതിനും ആവശ്യമായ നിർദ്ദേശം നൽകുമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്ത് ഓടുന്ന ട്രെയിനുകളിലെ ബോഗികൾ ചിലതെല്ലാം കാലപ്പഴക്കം ചെന്നവയും തുരുമ്പെടുത്ത് ഉപയോഗയോഗ്യമല്ലാത്തവയുമാണെന്നും ദീർഘദൂര ട്രെയിനുകളിലെ ബോഗികളുടെ അവസ്ഥയും പലപ്പോഴും ശോചനീയമാണെന്നും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഉപയോഗിക്കുന്ന ബോഗികളിൽ 70 ശതമാനത്തിനുമേൽ 25 കൊല്ലത്തിലധികം പഴക്കമുള്ളവയാണെന്നും ബോഗികൾ റിപ്പെയർ ചെയ്യുന്നതിനായുള്ള പീരിയോഡിക് ഓവർ ഹോളിംഗ് സൗകര്യം സംസ്ഥാനത്ത് ഇല്ലാത്തതിനാൽ ബോഗികൾ റിപ്പെയറിംഗിനായി ചെന്നൈയിലേയ്ക്ക് അയയ്ക്കുമ്പോൾ അവിടെ നിന്നും ലഭിക്കുന്നവ പലപ്പോഴും വൃത്തിയില്ലാത്തതും കാലപ്പഴക്കം ചെന്നവയുമാണെന്നും മുമ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആലപ്പുഴ പാസ്സഞ്ചർ ട്രെയിനിന്റെ ബോഗിക്ക് സംഭവിച്ച അപകടത്തിന്റെ വെളിച്ചത്തിൽ ഇക്കാര്യങ്ങളിലേയ്ക്ക് ശ്രദ്ധക്ഷണിച്ചുകൊണ്ട് താഴെപ്പറയുന്ന കാര്യങ്ങൾ അടിയന്തരമായി പരിഗണിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് സംസ്ഥാന സർക്കാർ അഭ്യർത്ഥിച്ചിരുന്നു :

1. 25 കൊല്ലത്തിലധികം പഴക്കമുള്ള എല്ലാ ബോഗികളും ഘട്ടം ഘട്ടമായി 5 കൊല്ലത്തിനകം മാറ്റണമെന്നും

2. തിരുവനന്തപുരത്തേയും എറണാകുളത്തേയും റിപ്പയർ സൗകര്യങ്ങൾ പ്രധാന റിപ്പയറുകൾ ചെയ്യുവാനുതകുന്ന രീതിയിൽ വിപുലപ്പെടുത്തണമെന്നും

3. റിപ്പയറിനും മെയിന്റനൻസിനുമായി ആവശ്യത്തിന് ആളുകളെ നിയമിക്കണമെന്നും

4. കോച്ചുകൾ വൃത്തിയാക്കാനായി കൂടുതൽ ഫലപ്രദമായ സംവിധാനം ഏർപ്പെടുത്തണമെന്നും.

തുടർന്ന് റിപ്പയറിംഗിനായി നൽകുന്ന കോച്ചുകൾ തന്നെ മടക്കി ലഭിച്ചു തുടങ്ങിയിട്ടുണ്ട് എന്ന് റെയിൽവേ അറിയിച്ചു.

2015-16-ലെ റെയിൽവേ ബഡ്ജറ്റിൽ കേരളത്തിലെ റെയിൽവേ വികസനത്തിനാവശ്യമായ കാര്യങ്ങൾ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് സംസ്ഥാന സർക്കാർ ഡിസംബർ 2014-ൽ സമർപ്പിച്ച മെമ്മോറാണ്ടത്തിലും ഇക്കാര്യങ്ങൾ ഉൾപ്പെടുത്തി കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ വീണ്ടും കൊണ്ടുവന്നിട്ടുണ്ട്.

ഇന്ത്യൻ റെയിൽവേ ഉപയോഗിക്കുന്ന റെയിൽ കോച്ചുകളുടെ ആയുർദൈർഘ്യം 25 വർഷമാണെന്നും 25 വർഷത്തിനുമുകളിൽ പഴക്കമുള്ള റെയിൽവേ കോച്ചുകൾ നിലവിൽ ഉപയോഗിക്കുന്നില്ലെന്നും കോച്ചുകൾ ബന്ധപ്പെട്ട വർക്ക്ഷോപ്പുകളിൽ 9 മാസം കൂടുമ്പോൾ ഇന്റർമീഡിയറ്റ് ഓവർ ഹോളിംഗിനും 18 മാസം കൂടുമ്പോൾ

പീരിയോഡിക് ഓവർ ഹോളിംഗിനും വിധേയമാക്കുകയും കോച്ചുകളുടെ എല്ലാ ഘടകങ്ങളും റെയിൽവേ ബോർഡ് നിഷ്കർഷിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുന്നുണ്ടെന്നും 20 വർഷത്തിന് മുകളിൽ പഴക്കമുള്ള കോച്ചുകളുടെ ഘടനാപരമായ ക്ഷമത സംബന്ധിച്ച് പ്രത്യേക പരിശോധന നടത്തുകയും അപാകതകൾ കണ്ടെത്തുന്ന മാത്രയിൽതന്നെ പ്രസ്തുത കോച്ചുകൾ പിൻവലിക്കുകയും ചെയ്യുവരുന്നുണ്ടെന്നും കോച്ചുകളുടെ ഉണനിലവാരം ഉറപ്പുവരുത്തുവാനും പരമാവധി പുതിയ കോച്ചുകളുടെ ലഭ്യത ഉറപ്പുവരുത്തുവാനുള്ള ഇടപെടലുകൾ ഡിവിഷണൽ റെയിൽവേ ഓഫീസുകൾ നടത്തുന്നുണ്ടെന്നും 25 വർഷം കഴിയുന്ന കോച്ചുകൾ അപ്പപ്പോൾത്തന്നെ പിൻവലിക്കുകയും ചെയ്യുന്നുണ്ടെന്നും ഇപ്പോൾ റെയിൽവേ അറിയിച്ചിട്ടുണ്ട്.

(സി) ബോഗികളുടെ ശുചീകരണവും കീടങ്ങളുടെയും എലി, പാറ്റ തുടങ്ങിയവയുടെ നിയന്ത്രണവും പ്രസ്തുത മേഖലയിൽ നൈപുണ്യമുള്ള ഏജൻസികൾക്ക് പുറംകരാർ നൽകി റെയിൽവേയുടെ കൃത്യമായ മേൽനോട്ടത്തിൽ കാര്യക്ഷമമായി ചെയ്യുവരുന്നുണ്ടെന്ന് റെയിൽവേ അറിയിച്ചിട്ടുണ്ട്.

കേന്ദ്ര നയത്തിന്റെ ഫലമായുള്ള തപാൽ മേഖലയിലെ പ്രശ്നങ്ങൾ

86 (431) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തപാൽവകുപ്പ് ഡൗൺസൈസ് ചെയ്യുക എന്ന കേന്ദ്ര നയത്തിന്റെ ഭാഗമായി സംസ്ഥാനത്ത് എവിടെയെങ്കിലും തപാലാഫീസുകൾ അടച്ചുപൂട്ടാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ അത് എവിടെയെല്ലാം ;

(ബി) തപാൽ മേഖലയിൽ വരാൻ പോകുന്ന ഈ പ്രശ്നത്തിൽ സർക്കാർ നിലപാട് വിശദമാക്കാമോ ?

ഉത്തരം

(എ&ബി) കേരളത്തിൽ പോസ്റ്റ് ഓഫീസുകൾ അടച്ചുപൂട്ടുവാൻ തീരുമാനം ഒന്നും എടുത്തിട്ടില്ല. എല്ലാവർക്കും തപാൽ സൗകര്യം ലഭ്യമാക്കുക എന്നതിന്റെ അടിസ്ഥാനത്തിൽ പോസ്റ്റൽ വകുപ്പിന്റെ മാനദണ്ഡങ്ങൾക്കനുസരിച്ച് ചില സ്ഥലങ്ങളിലെ പോസ്റ്റ് ഓഫീസുകൾ മറ്റ് സ്ഥലങ്ങളിൽ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 31-3-2014-ൽ ലക്ഷദ്വീപുൾപ്പെടെ കേരളത്തിൽ 5067 പോസ്റ്റ് ഓഫീസുകളും 31-3-2015-ൽ 5068 പോസ്റ്റ് ഓഫീസുകളുമാണ് പ്രവർത്തിച്ചുവരുന്നത്.

LIBRARY ARCHIVES Kerala Legislative Assembly